# *താമരശ്ശേരിയിൽ വൻ കഞ്ചാവ് വേട്ട, ജില്ലയിൽ കഞ്ചാവ് വിതരണം ചെയ്യുന്ന മുഖ്യകണ്ണി പിടിയിൽ*

താമരശ്ശേരി: കോഴിക്കോട് ജില്ലയിലെ വിവിധ ഭാഗങ്ങളിൽ വിൽപ്പനയ്ക്കായി എത്തിച്ച അഞ്ചു കിലോ കഞ്ചാവുമായി നാദാപുരം കായപ്പനച്ചി സ്വദേശി പുതുക്കുൽ താഴെക്കുനി ഷൈജു (36) താമരശ്ശേരി പോലീസിന്റെ പിടിയിലായി. കോഴിക്കോട് റൂറൽ എസ്.പി G ജയദേവ് IPS ന് ലഭിച്ച രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിൽ താമരശ്ശേരി DySP പി.ബിജുരാജിന്റെ നേതൃത്വത്തിൽ ഉള്ള പോലീസ് സംഘമാണ് പ്രതിയെ പിടികൂടിയത്. ആന്ധ്രപ്രദേശിലെ മാവോയിസ്റ്റ് മേഘലയിലുള്ള മൊത്ത വിതരണക്കാരിൽ നിന്നും ശേഖരിക്കുന്ന കഞ്ചാവ് ട്രെയിൻ മാർഗ്ഗം കോഴിക്കോട് എത്തിച്ച് ചില്ലറ വിതരണക്കാർക്ക് വിൽപ്പന നടത്തുന്നതാണ് പ്രതിയുടെ രീതി. ഇത്തരത്തിൽ മുൻപും വർഷങ്ങളായി പലതവണ കഞ്ചാവ് കടത്തികൊണ്ട് വന്നതായി പ്രതി ചോദ്യം ചെയ്യലിൽ സമ്മതിച്ചിട്ടുണ്ട്. മുൻപ് രണ്ട് തവണ കഞ്ചാവ് കടത്തിയ കേസിൽ പ്രതി പോലീസ് പിടിയിലായിട്ടുണ്ട്. നാദാപുരം, വടകര, കുറ്റ്യാടി, താമരശ്ശേരി, മലപ്പുറം ജില്ലയിലെ നിലമ്പൂർ എന്നിവിടങ്ങളിൽ വിദ്യാർത്ഥികൾക്കടക്കം കഞ്ചാവ് വിൽപ്പന നടത്തിയതായും ഇതിനായി പ്രതിക്ക് പ്രത്യേഗ സംഘം തന്നെ പ്രവർത്തിക്കുന്നതായും പോലീസിന് വ്യക്തമായിട്ടുണ്ട്. വരും ദിവസങ്ങളിൽ ഇത്തരം സംഘങ്ങളെ പിടികൂടുന്നതിന് വേണ്ട കർശന നടപടി സ്വീകരിക്കുമെന്ന് താമരശ്ശേരി DySP അറിയിച്ചു. കോഴിക്കോട് റൂറൽ എസ്.പിയുടെ നേതൃത്വത്തിൽ കഴിഞ്ഞ ഏതാനും മാസങ്ങളായി നൂറു കിലോയോളം കഞ്ചാവും, ഒരു കോടി രൂപയോളം വിലവരുന്ന ബ്രൗൺ ഷുഗർ, LSD, MDMA, വിവിധതരത്തിലുള്ള ലഹരി ഗുളികകൾ എന്നിവയും പിടികൂടിയിരുന്നു.

താമരശ്ശേരി പോലീസ് ഇസ്പെക്ടർ ടി.എ.അഗസ്റ്റിൻ, SI സായൂജ്കുമാർ, മുക്കം എസ്.ഐ K.P അഭിലാഷ് ക്രൈം സ്ക്വാഡ് അംഗങ്ങളായ ASI രാജീവ്ബാബു, SCPO ഷിബിൽ ജോസഫ്, CPO ഷെഫീഖ് നീലിയാനിക്കൽ, മുക്കം സ്റ്റേഷനിലെ ശ്രീജേഷ് VS, ശ്രീകാന്ത്, അഭിലാഷ് കോടഞ്ചേരി എന്നിവരടങ്ങിയ സംഘമാണ് പ്രതിയെ പിടികൂടിയത്.